<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ജീവാനന്ദം പദ്ധതിയുടെ പ്രത്യേകതകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | <u>**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി (എസ്.എൽ.ഐ)**</u><br><br>മികച്ച ആനുകൂല്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള എൻഡോവ്മെന്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണിത്. മുടക്കം വരുത്താതെ പ്രീമിയം തുക ഒടുക്കു വരുത്തുന്ന ജീവനക്കാരന് മികച്ച ആനുകൂല്യം ഈ പദ്ധതി വഴി ഉറപ്പ് വരുത്തുവാൻ കഴിയും.<br><br><u>**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (ജി.ഐ.എസ്)**</u><br><br>മരണാനന്തര ആനുകൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവനക്കാരുടെ സമ്പാദ്യം ഉറപ്പ് വരുത്തുന്ന പദ്ധതിയാണിത്. ഇടപാടുകാർക്ക് അകാല മരണത്തിന് നൽകി വന്ന ആനുകൂല്യം ഇരട്ടിയായി ഉയർത്തിയത് (100 രൂപ പ്രീമിയത്തിന് 2ലക്ഷം നിരക്കിൽ) ഒരു മികച്ച സാമൂഹ്യക്ഷേമ മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.<br><br><u>**ജീവൻരക്ഷ (ജി.പി.എ.ഐ.എസ്)**</u><br><br>2007 -ൽ പൊതുമേഖലയിലുള്ള നാഷണൽ ഇൻഷ്വറൻസ് കമ്പനി വഴി ആരംഭിക്കുകയും തുടർന്ന് 2010 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുകയും ചെയ്ത അപകട ഇൻഷ്വറൻസ് പദ്ധതിയാണ് ജി.പി.എ.ഐ.എസ് പദ്ധതി. ഈ പദ്ധതി 22/02/2023 -ലെ സ.ഉ (അ)നം.17/2023/ ധന പ്രകാരം ജീവൻരക്ഷ പദ്ധതി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. അപകടം മൂലമുള്ള മരണത്തിന് 15 ലക്ഷം രൂപയും അപകടം അല്ലാതെയുള്ള എല്ലാ മരണങ്ങൾക്കും സമാശ്വാസമായി 5 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | അപകടത്തെ തുടർന്നുണ്ടാകുന്ന സ്ഥിര വൈകല്യത്തിനും, ഏതെങ്കിലും അവയവം നഷ്ടപ്പെടുന്നതിനും നിശ്ചിത തുക ക്ലെയിം ഇനത്തിൽ ഉറപ്പ് വരുത്തുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ ജീവനക്കാർ വിരമിക്കുന്നതോടെ അവസാനിക്കുന്നവയാണോ; വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | എസ്.എൽ.ഐ, ജി.ഐ.എസ്, ജീവൻരക്ഷ പദ്ധതികളുടെ ആനുകൂല്യങ്ങൾ ജീവനക്കാർ വിരമിക്കുന്നതോടെ അവസാനിക്കുന്നവയാണ്. വിരമിച്ച ജീവനക്കാർക്ക് തുടർന്നും ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും നിലവിലില്ല. ആയതിനാൽ ജീവനക്കാർ വിരമിച്ച ശേഷവും ഒരു നിശ്ചിത തുക മരണം വരെ ലഭിക്കുന്ന രീതിയിൽ ഒരു ആന്വിറ്റി ഇൻഷ്വറൻസ് പദ്ധതി ജീവാനന്ദം എന്ന പേരിൽ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ജീവാനന്ദം പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ആന്വിറ്റി ഇൻഷ്വറൻസ് പദ്ധതിയാണ് ജീവാനന്ദം. സർവ്വീസ് കാലയളവിൽ തവണകളായോ വിരമിക്കുന്ന സമയത്ത് ഒരു നിശ്ചിത തുക ഒരുമിച്ചോ ഒടുക്കിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് മുഴുവൻ തുകയും ഒടുക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ മാസം തോറും ഒരു നിശ്ചിത തുക സ്ഥിരമായി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ മരണം വരെ ലഭിക്കുന്ന രീതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഒരു കരുതൽ പദ്ധതിയാണിത്. ഈ പദ്ധതി ജീവനക്കാർക്ക് നിർബന്ധിതമല്ല. നിക്ഷേപകർക്ക് മെച്ചപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിടുന്ന ഈ പദ്ധതി സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് വന്നതിനു ശേഷം മാത്രമേ തുടർനടപടികളെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത് ഏത് ഇൻഷ്വറൻസ് കമ്പനി വഴിയാണെന്നും അതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ജീവാനന്ദം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ പദ്ധതിയിൽ തുക നിക്ഷേപിക്കുന്നവർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ